എ.വൈ.ആർ



സൂറ-14

# ഇബ്റാഹീം

قَالَتْ لَهُمْ رُسُلُهُمْ إِن نَّحْنُ إِلَّا بَشَرٌ مِّثْلُكُمْ وَلَٰكِنَّ ٱللَّهَ يَمُنُّ عَلَىٰ مَن يَشَآءُ
مِنْ عِبَادِهِۦ ۖ وَمَا كَانَ لَنَآ أَن نَّأْتِيَكُم بِسُلْطَٰنٍ إِلَّا بِإِذْنِ ٱللَّهِ ۚ وَعَلَى
ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿١١﴾

11 ദൈവദൂതന്മാർ അവരോടു പറഞ്ഞു: നിങ്ങളെപ്പോലുള്ള മനുഷ്യർ തന്നെയാണ് ഞങ്ങൾ. പക്ഷേ, അല്ലാഹു അവന്റെ ദാസന്മാരിൽ അവനിച്ഛിക്കുന്നവർക്ക് ഔദാര്യമരുളുന്നു. എന്നാൽ ദൈവഹിതമില്ലാതെ നിങ്ങൾക്ക് പ്രമാണം കൊണ്ടുവരിക ഞങ്ങളുടെ കഴിവിൽ പെട്ടതല്ല. സത്യവിശ്വാസികൾ അല്ലാഹുവിൽ തന്നെ ഭരമേൽപിക്കണം.

وَمَا لَنَآ أَلَّا نَتَوَكَّلَ عَلَى ٱللَّهِ وَقَدْ هَدَىٰنَا سُبُلَنَا ۚ وَلَنَصْبِرَنَّ عَلَىٰ
مَآ ءَاذَيْتُمُونَا ۚ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُتَوَكِّلُونَ ﴿١٢﴾

12 ഞങ്ങൾ എന്തിന് അല്ലാഹുവിൽ ഭരമേൽപിക്കാതിരിക്കണം, അവൻ ഞങ്ങൾക്ക് ഞങ്ങളുടെ ജീവിതമാർഗം കാണിച്ചു തന്നിരിക്കെ? നിങ്ങൾ ഞങ്ങളോടു കാട്ടുന്ന ദ്രോഹമൊക്കെയും ഞങ്ങൾ ക്ഷമയോടെ സഹിക്കുക തന്നെ ചെയ്യും. ഭരമേൽപിക്കുന്നവർ അല്ലാഹുവിൽ മാത്രം ഭരമേൽപിച്ചുകൊള്ളട്ടെ.

وَقَالَ ٱلَّذِينَ كَفَرُوا۟ لِرُسُلِهِمْ لَنُخْرِجَنَّكُم مِّنْ أَرْضِنَآ أَوْ لَتَعُودُنَّ فِى مِلَّتِنَا ۖ
فَأَوْحَىٰٓ إِلَيْهِمْ رَبُّهُمْ لَنُهْلِكَنَّ ٱلظَّٰلِمِينَ ﴿١٣﴾

13 ദൈവിക സന്ദേശം തള്ളിക്കളഞ്ഞ ധിക്കാരികൾ പ്രവാചകന്മാരെ ഭീഷണിപ്പെടുത്തി: ഞങ്ങൾ നിങ്ങളെ ഈ നാട്ടിൽ നിന്ന് ആട്ടിപ്പായിക്കുകതന്നെ ചെയ്യും. അല്ലെങ്കിൽ നിങ്ങൾ ഞങ്ങളുടെ മതത്തിലേക്കു തിരിച്ചുവന്നേ തീരൂ. അപ്പോൾ വിധാതാവ് പ്രവാചകന്മാർക്ക് അറിവു നൽകി. ഈ ധർമധിക്കാരികളെ നാം തീർച്ചയായും നശിപ്പിക്കുന്നതാകുന്നു.

وَلَنُسْكِنَنَّكُمُ ٱلْأَرْضَ مِنۢ بَعْدِهِمْ ۚ ذَٰلِكَ لِمَنْ خَافَ مَقَامِى وَخَافَ وَعِيدِ
﴿١٤﴾

14 അവർക്കുശേഷം ഈ നാട്ടിൽ നിങ്ങളെ അധിവസിപ്പിക്കുകയും ചെയ്യും. എന്റെ സന്നിധിയിൽ ഉത്തരം ബോധിപ്പിക്കേണ്ടി വരുമെന്നു ഭയപ്പെടുന്നവർക്കും എന്റെ താക്കീതുകളെ ഭയപ്പെടുന്നവർക്കുമുള്ള സമ്മാനമതത്രെ അത്.

قَالَتْ لَهُمْ رُسُلُهُمْ= അവരുടെ ദൈവദൂതന്മാർ അവരോടു പറഞ്ഞു إِن نَّحْنُ= ഞങ്ങൾ അല്ല(ഞങ്ങൾ ആണ്)
إِلَّا بَشَرٌ= മനുഷ്യർ അല്ലാതെ(തന്നെ) مِّثْلُكُمْ= നിങ്ങളെപ്പോലെ(ഉള്ള) وَلَٰكِنَّ ٱللَّهَ= പക്ഷേ, അല്ലാഹു يَمُنُّ= ഔദാര്യമരുളും

عَلَىٰ مَن يَشَآءُ = അവനിച്ഛിക്കുന്നവരുടെ മേൽ مِنْ عِبَادِهِۦ = അവന്റെ ദാസന്മാരിൽനിന്ന്
وَمَا كَانَ لَنَآ = ഞങ്ങളുടെ കാര്യമല്ല, കഴിവിൽപ്പെട്ടതല്ല أَن نَّأْتِيَكُم = നിങ്ങൾക്ക് കൊണ്ടുവരിക
بِسُلْطَٰنٍ = പ്രമാണം, ദിവ്യാത്ഭുതം إِلَّا بِإِذْنِ ٱللَّهِ = അല്ലാഹുവിന്റെ അനുമതി(ദൈവഹിതം) ഇല്ലാതെ
فَلْيَتَوَكَّلِ ٱلْمُؤْمِنُونَ = സത്യവിശ്വാസികൾ ഭരമേൽപിക്കേണം وَعَلَى ٱللَّهِ = അല്ലാഹുവിന്റെ മേൽ(തന്നെ)
وَمَا لَنَآ أَلَّا نَتَوَكَّلَ عَلَى ٱللَّهِ = ഞങ്ങൾ എന്തിന് അല്ലാഹുവിൽ ഭരമേൽപിക്കാതിരിക്കണം
وَقَدْ هَدَىٰنَا = അവൻ ഞങ്ങൾക്ക് കാണിച്ചുതന്നിരിക്കുന്നു, നയിച്ചിരിക്കെ سُبُلَنَا = ഞങ്ങളുടെ(ജീവിത) മാർഗം
وَلَنَصْبِرَنَّ = തീർച്ചയായും ഞങ്ങൾ ക്ഷമിക്കും(ക്ഷമയോടെ സഹിക്കുക തന്നെ ചെയ്യും)
عَلَىٰ مَآ ءَاذَيْتُمُونَا = നിങ്ങൾ ഞങ്ങളോടു കാട്ടുന്ന ദ്രോഹങ്ങൾ(ഒക്കെയും) وَعَلَى ٱللَّهِ = അല്ലാഹുവിൽ മാത്രം
فَلْيَتَوَكَّلِ = ഭരമേൽപിച്ചു കൊള്ളട്ടെ ٱلْمُتَوَكِّلُونَ = ഭരമേൽപിക്കുന്നവർ
وَقَالَ ٱلَّذِينَ كَفَرُوا۟ = നിഷേധിച്ചവർ പറഞ്ഞു (ദൈവികസന്ദേശം തള്ളിക്കളഞ്ഞ ധിക്കാരികൾ ഭീഷണിപ്പെടുത്തി)
لِرُسُلِهِمْ = അവരുടെ പ്രവാചകന്മാരോട് لَنُخْرِجَنَّكُم = ഞങ്ങൾ നിങ്ങളെ പുറപ്പെടുവിക്കുകതന്നെ ചെയ്യും(ആട്ടിപ്പായിക്കും)
مِّنْ أَرْضِنَآ = ഞങ്ങളുടെ ഭൂമിയി(ഈനാട്ടി)ൽനിന്ന് أَوْ لَتَعُودُنَّ = അല്ലെങ്കിൽ തീർച്ചയായും നിങ്ങൾ മടങ്ങും(തിരിച്ചുവന്നേ തീരൂ)
فِى مِلَّتِنَا = ഞങ്ങളുടെ മതത്തിൽ فَأَوْحَىٰٓ = അപ്പോൾ വെളിപാടു നൽകി(അറിയിപ്പു നൽകി)
إِلَيْهِمْ = അവ(പ്രവാചകന്മാ)രിലേക്ക് رَبُّهُمْ = അവരുടെ വിധാതാവ് لَنُهْلِكَنَّ = തീർച്ചയായും നാം നശിപ്പിക്കുന്നതാകുന്നു
ٱلظَّٰلِمِينَ = ഈ ധർമധിക്കാരികളെ وَلَنُسْكِنَنَّكُمُ = തീർച്ചയായും നിങ്ങളെ നാം അധിവസിപ്പിക്കുകയും ചെയ്യും
ٱلْأَرْضَ = ഭൂമിയി(ഈനാട്ടി)ൽ مِنۢ بَعْدِهِمْ = അവർക്കു ശേഷം ذَٰلِكَ = അതത്രെ(സമ്മാനം) لِمَنْ خَافَ = ഭയപ്പെട്ടവന്
مَقَامِى = എന്റെ സ്ഥാനം (എന്റെ സന്നിധിയിൽ ഉത്തരം ബോധിപ്പിക്കേണ്ടി വരുമെന്ന്) وَخَافَ = ഭയപ്പെട്ടവനും
وَعِيدِ = എന്റെ താക്കീതുകളെ

**11,12:** നിഷേധികളുടെ വെല്ലുവിളിക്ക് പ്രവാചകന്മാർ നൽകാറുള്ള മറുപടിയാണിത് – ഞങ്ങൾ നിങ്ങളെപ്പോലുള്ള സാധാരണ മനുഷ്യർ തന്നെയാണെന്ന കാര്യം പൂർണമായി സമ്മതിക്കുന്നു. ഞങ്ങൾക്ക് ദിവ്യത്വത്തിൽ യാതൊരു പങ്കുമില്ല. ദൈവിക ശക്തികളുമില്ല. ഞങ്ങൾ സ്വയം തെരഞ്ഞെടുത്തതല്ല ഈ പ്രവാചകത്വം, അതിനുള്ള ശക്തിയുമില്ല ഞങ്ങൾക്ക്. അല്ലാഹു സർവശക്തനും പരമാധികാരിയുമാണ്. അവനിച്ഛിക്കുന്നതെന്തും അവനു ചെയ്യാം. അവൻ തന്റെ അടിമകളിൽ ചിലരെ തന്റെ ദൂതന്മാരായി നിയോഗിച്ചുകൊണ്ട് ഔദാര്യമരുളുന്നു. يَمُنُّ എന്ന പദം مَنَّ യുടെ വർത്തമാന രൂപമാണ്. مَنّ എന്നാണ് മൂലരൂപം. ദാക്ഷിണ്യം, ഔദാര്യം, അനുഗ്രഹം എന്നീ അർഥങ്ങളുണ്ട്. مَنَّ എന്ന ക്രിയക്ക് ഔദാര്യം ചെയ്തു എന്നും ചെയ്ത ഔദാര്യം എടുത്തോതിക്കൊണ്ടിരുന്നു എന്നും അർഥമുണ്ട്. ഔദാര്യം ചെയ്തു, അനുഗ്രഹിച്ചു എന്നാണ് പ്രകൃത സന്ദർഭത്തിൽ അർഥം. ഗുണഭോക്താവിന് സ്വന്തം നിലയിൽ അവകാശമില്ലാത്ത ഒരു ദാനമോ ഉപകാരമോ ചെയ്യുമ്പോഴാണ് يَمُنُّ എന്നുപറയുക. പ്രവാചകന്മാരുടെ പ്രവാചകത്വം അവരുടെ കഴിവുകൊണ്ടോ കർമം കൊണ്ടോ സ്വയം നേടിയെടുത്ത അവകാശമല്ല; മറിച്ച് അല്ലാഹുവിങ്കൽനിന്ന് കേവലം ഔദാര്യമായി ലഭിച്ചതാകുന്നു എന്നാണീ പദപ്രയോഗം സൂചിപ്പിക്കുന്നത്. അതുകൊണ്ട് ആളുകൾ ആവശ്യപ്പെടുന്നതനുസരിച്ച് യഥേഷ്ടം ദിവ്യാത്ഭുതങ്ങൾ പ്രകടിപ്പിക്കാനുള്ള കഴിവൊന്നും ഞങ്ങൾ, പ്രവാചകന്മാർക്ക് ഇല്ല. ഞങ്ങൾ വല്ല അത്ഭുതവും കാണിക്കുന്നുവെങ്കിൽ അതും അല്ലാഹുവിന്റെ കൽപനപ്രകാരം മാത്രമാണ്.

بَشَرٌ ന്റെ മൗലികമായ ആശയം ഒരു വസ്തു ഭംഗിയായി പ്രത്യക്ഷമാവുകയാണ്. ഇതര ജന്തുക്കളിൽനിന്ന് ഭിന്നമായി, പൂടയോ രോമസാന്ദ്രതയോ ഇല്ലാതെ മിനുത്ത ഭംഗിയുള്ള ചർമത്തോടെ കാണപ്പെടുന്ന ജീവി എന്ന അടിസ്ഥാനത്തിലാണ് മനുഷ്യൻ بشر ആകുന്നത്. മനുഷ്യ ചർമം എന്ന അർഥത്തിലും بشر ഉപയോഗിക്കാറുണ്ട്. ഏകവചനമായും ബഹുവചനമായും സ്ത്രീലിംഗമായും പുല്ലിംഗമായും പ്രയോഗിക്കുന്നു. ദ്വിവചനം بشرين എന്ന് ഖുർആൻ 23:47ൽ ഉപയോഗിച്ചിരിക്കുന്നു. പ്രകൃത സൂക്തത്തിൽനിന്നു വ്യക്തമാകുന്നതുപോലെ, പദാർഥ പ്രകൃതിയും ശരീര ഘടനയും അതിന്റെ ആവശ്യങ്ങളും ദൗർബല്യങ്ങളും സൂചിപ്പിക്കാനുദ്ദേശിക്കുമ്പോഴാണ് മനുഷ്യനെ കുറിക്കാൻ بشر ഉപയോഗിക്കാറുള്ളത്. അത്തരം സന്ദർഭങ്ങളിൽ മലക്കിന്റെ വിപരീതമാണ് ബശറ്. ഗോചരമായ ശരീരത്തിൽനിന്നും അതിന്റെ പരാശ്രയങ്ങളിൽ നിന്നും മുക്തമായ അസ്തിത്വമാണല്ലോ മലക്ക്. നമ്മെപ്പോലെ ഇരിക്കുകയും നടക്കുകയും ഉണ്ണുകയും ഉറങ്ങുകയും ചെയ്യുന്ന, നമ്മെപ്പോലെ രോമമില്ലാത്ത തൊലിയും, തലമുടിയും നഖങ്ങളുമുള്ളവർ എങ്ങനെ പ്രവാചകനാകും എന്നാണ് 'നിങ്ങൾ ഞങ്ങളെപ്പോലുള്ള بشر മാത്രമാകുന്നു' എന്നു പറയുമ്പോൾ അവിശ്വാസികൾ അർഥമാക്കുന്നത്. നിങ്ങളെപ്പോലെ ഞങ്ങളുടെയും പേശിക്കോ അസ്ഥിക്കോ ത്വക്കിനോ മുടിക്കോ നഖത്തിനോ ദിവ്യശക്തിയോ അമാനുഷികതയോ ഇല്ലെന്നു തന്നെയാണ്, 'ഞങ്ങൾ നിങ്ങളെപ്പോലെ بشر തന്നെയാണ്' എന്നു പറയുമ്പോൾ പ്രവാചകന്മാരും അർഥമാക്കുന്നത്. പ്രവാചകന്മാരുടെ ഭൗതികാവശി

ഷ്ടങ്ങൾ പൂജാ പ്രതിഷ്ഠകളായി മാറ്റപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ വിശ്വാസികൾ മനസ്സിരുത്തി വായിക്കേണ്ടതാണ് ഈ വചനങ്ങൾ.

ഞങ്ങൾ തന്നിഷ്ടപ്രകാരം ഒന്നും ചെയ്യുന്നില്ല, എല്ലാം അല്ലാഹുവിൽ സമർപ്പിച്ചിരിക്കുകയാണ്, അവനാണ് ഞങ്ങളെ കൈകാര്യം ചെയ്യുന്നത് എന്നും പ്രവാചകന്മാർ വ്യക്തമാക്കുന്നു. وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُتَوَكِّلُونَ എന്ന വാക്യത്തിൽ വിശ്വാസികളോടുള്ള ഒരു ഉൽബോധനവും കൂടിയുണ്ട്: അവിശ്വാസികൾ ആവശ്യപ്പെടുന്നതനുസരിച്ച് ദിവ്യാത്ഭുതങ്ങൾ പ്രത്യക്ഷപ്പെട്ടെങ്കിൽ എന്ന് നിങ്ങൾ ആഗ്രഹിക്കേണ്ടതില്ല. അതു പ്രത്യക്ഷപ്പെടുത്തേണമോ വേണ്ടയോ എന്നൊക്കെ അല്ലാഹു തീരുമാനിച്ചുകൊള്ളും. അവിശ്വാസികളുടെ അതിക്രമങ്ങൾക്ക് ദിവ്യാത്ഭുത പ്രകടനം പരിഹാരമാകുമെന്നും കരുതേണ്ട. സത്യവിശ്വാസികൾ തങ്ങളെ സമർപ്പിക്കേണ്ടത് അത്തരം കാര്യങ്ങളിലല്ല, സർവശക്തനായ അല്ലാഹുവിലാണ്. അല്ലാഹു ശരിയായ ജീവിതപാത കാണിച്ചു തന്നിരിക്കുന്നുവെന്ന് ഉറപ്പുള്ളവർ ജീവിതത്തിന്റെ രക്ഷയും വിജയവും അവനിൽ തന്നെ സമർപ്പിക്കാതിരിക്കുന്നതിന് ഒരു ന്യായവുമില്ല. പിന്നെ, സത്യനിഷേധികളുടെ അക്രമങ്ങളും മർദനങ്ങളും, അതൊന്നും സത്യത്തിന്റെയും ധർമത്തിന്റെയും പാതയിൽനിന്ന് വിശ്വാസികളെ വ്യതിചലിപ്പിക്കുകയില്ല. എല്ലാം ക്ഷമയോടെ നേരിട്ടുകൊണ്ട് അവർ മുന്നോട്ടു പോവുക തന്നെ ചെയ്യും. സൂറ *അശ്ശുഅറാഅ്* 50-ാം സൂക്തത്തിൽ ആഭിചാരകന്മാർ ഫറവോനോട് പറഞ്ഞതായി ഉദ്ധരിക്കുന്ന لَا ضَيْرَ ۖ إِنَّآ إِلَىٰ رَبِّنَا مُنقَلِبُونَ (സാരമില്ല, ഞങ്ങൾ ഞങ്ങളുടെ വിധാതാവിലേക്ക് തിരിച്ചു പോകേണ്ടവരാണല്ലോ) എന്ന വാക്യത്തിന് സമാനമാണിത്. ഞങ്ങൾ ഞങ്ങളെ പൂർണമായി അല്ലാഹുവിലർപ്പിച്ചിരിക്കുന്നു. അവൻ മാത്രമാണ് കാര്യങ്ങൾ ഭരമേൽപിക്കപ്പെടാൻ അർഹതയുള്ളവൻ. പ്രശ്നങ്ങളും പ്രയാസങ്ങളും ഭരമേൽപിക്കേണ്ടവർ അല്ലാഹുവിൽ തന്നെയാണ് ഭരമേൽപിക്കേണ്ടത്.

**13,14:** പ്രവാചകവര്യന്മാരും സത്യനിഷേധികളായ സമൂഹനേതൃത്വവും തമ്മിലുണ്ടാകുന്ന സംവാദങ്ങളുടെ സ്വാഭാവിക പരിണിതിയാണ് ഈ സൂക്തം പരാമർശിക്കുന്നത്. ഞങ്ങളുടെ രക്ഷയും വിജയവുമെല്ലാം അല്ലാഹുവിൽ ഭരമേൽപിച്ചുകൊണ്ട്, നിങ്ങളുടെ അക്രമങ്ങളും പീഡനങ്ങളും ക്ഷമയോടെ സഹിച്ച് ഞങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ അടിയുറച്ചു മുന്നോട്ടു പോവുക തന്നെ ചെയ്യും എന്നാണല്ലോ മുൻ സൂക്തത്തിൽ പ്രവാചകന്മാർ വ്യക്തമാക്കിയത്. അതിനുമറുപടിയായി പ്രതിയോഗികൾ അവസാനത്തെ അടവെടുക്കുകയാണ്. അങ്ങനെ മുന്നോട്ടു പോകാൻ ഞങ്ങളൊരിക്കലും അനുവദിക്കാൻ പോകുന്നില്ല. നിങ്ങൾ പൂർവമതത്തിലേക്ക് തിരിച്ചു വരുന്നില്ലെങ്കിൽ നിങ്ങളെ ഈ നാട്ടിൽനിന്ന് അടിച്ചോടിക്കും. ചിലപ്പോൾ ഭീഷണി തടവിലാക്കുമെന്നും ചിലപ്പോൾ കൊന്നുകളയുമെന്നുമൊക്കെ ആയിരിക്കും; നിങ്ങൾ ഭരമേൽപിച്ച ദൈവം വന്ന് രക്ഷിക്കുന്നതൊന്ന് കാണട്ടെ എന്ന ഹുങ്കോടെ. ശുഐബ് നബിയുടെ ജനത അദ്ദേഹത്തോടു പറഞ്ഞതായി *അൽ അഅ്റാഫ്* 88-ാം സൂക്തം ഉദ്ധരിക്കുന്നു:

لَنُخْرِجَنَّكَ يَٰشُعَيْبُ وَٱلَّذِينَ ءَامَنُوا۟ مَعَكَ مِن قَرْيَتِنَآ أَوْ لَتَعُودُنَّ فِى مِلَّتِنَا

(ഹേ, ശുഐബ്, നിന്നെയും നിന്റെ കൂടെ വിശ്വസിച്ചവരെയൊക്കെയും ഞങ്ങൾ നാട്ടിൽനിന്ന് ആട്ടിയോടിക്കും തീർച്ച. അല്ലെങ്കിൽ നീ ഞങ്ങളുടെ മതത്തിലേക്ക് തിരിച്ചു വരിക തന്നെ വേണം.) ഒരു പട്ടണവാസികൾ അവരിലാഗതരായ പ്രവാചകന്മാരോടു പറഞ്ഞു:

لَئِن لَّمْ تَنتَهُوا۟ لَنَرْجُمَنَّكُمْ وَلَيَمَسَّنَّكُم مِّنَّا عَذَابٌ أَلِيمٌ (നിങ്ങൾ ഈ സംരംഭത്തിൽ നിന്നു വിരമിക്കുന്നില്ലെങ്കിൽ ഞങ്ങൾ നിങ്ങളെ കല്ലെറിയും. ഞങ്ങളിൽനിന്ന് വേദനയേറിയ ശിക്ഷ തന്നെ നിങ്ങൾ ഏൽക്കേണ്ടി വരും - 36:18). ഇബ്റാഹീം നബിയോട് അദ്ദേഹത്തിന്റെ പിതാവ് പറഞ്ഞു:

لَئِن لَّمْ تَنتَهِ لَأَرْجُمَنَّكَ ۖ وَٱهْجُرْنِى مَلِيًّا (നീ വിരമിക്കുന്നില്ലെങ്കിൽ ഞാൻ നിന്നെ കല്ലെറിയും. നീ എന്നെന്നേക്കുമായി എന്നെ വിട്ടു പോകേണം - 19:46). ഏറ്റം നിന്ദ്യരായ കുറ്റവാളികളിൽ ശിക്ഷ നടപ്പിലാകുന്ന രീതിയിയായിരുന്നു കല്ലേറ്. മുഹമ്മദ് നബിക്കുനേരെ ഖുറൈശികളുടെ നിലപാടിനെക്കുറിച്ചു പറയുന്നു: وَإِن كَادُوا۟ لَيَسْتَفِزُّونَكَ مِنَ ٱلْأَرْضِ لِيُخْرِجُوكَ مِنْهَا (ഈ മണ്ണിൽനിന്ന് നിന്റെ പാദമിളകാനും ഇവിടെ നിന്ന് നിന്നെ പുറത്താക്കാനും അവർ ഒരുമ്പെട്ടിരിക്കുന്നു - 17:76). 8:30-ാം സൂക്തത്തിൽ അതേപ്പറ്റി പറയുന്നു:

وَإِذْ يَمْكُرُ بِكَ ٱلَّذِينَ كَفَرُوا۟ لِيُثْبِتُوكَ أَوْ يَقْتُلُوكَ أَوْ يُخْرِجُوكَ

(നിന്നെ തടവിലാക്കുകയോ കൊന്നുകളയുകയോ നാടുകടത്തുകയോ ചെയ്യുന്നതിനുവേണ്ടി ധർമവിരോധികൾ തന്ത്രങ്ങളാവിഷ്കരിച്ചു കൊണ്ടിരിക്കുന്നതും ഓർക്കുക).

മനപൂർവം സത്യം നിഷേധിക്കുന്നവർ ഇത്തരം ഭീഷണികൾക്ക് ധൃഷ്ടരാകുന്നതിന് പ്രധാനമായും മൂന്ന് കാരണങ്ങളുണ്ട്. ഒന്ന്, സത്യസന്ധമായ ന്യായവാദത്തിലൂടെ പ്രവാചകന്മാരെ പരാജയപ്പെടുത്താനാവില്ല എന്ന ബോധ്യം. പ്രവാചകന്മാർ അവരുടെ ആദർശം അവതരിപ്പിക്കുന്നത് ന്യായത്തിന്റെയും തെളിവുകളുടെയും അടിസ്ഥാനത്തിലാണ്. അവിശ്വാസികളുടെ ആദർശങ്ങൾക്കടിത്തറ കേവലം ഊഹാപോഹങ്ങളും പാരമ്പര്യ സങ്കൽപങ്ങളുമാണ്. ഏതു സത്യത്തെയും ന്യായത്തെയും അതിജയിക്കാനുള്ള ഭൗതിക ശക്തി തങ്ങൾക്കുണ്ട് എന്ന അഹന്തയാണ് രണ്ടാമത്തെ കാരണം. അംഗബലവും ആയുധശേഷിയും സാമ്പത്തിക ശക്തിയും എല്ലാം കുറഞ്ഞ ദുർബലരാണ് പ്രവാചകന്മാരും അവരുടെ അനുയായികളും. സമുദായത്തിലെ ഭൂരിപക്ഷം അവരുടെ കൂടെയായിരിക്കും എന്നതാണ് മൂന്നാമത്തെ കാരണം. ബഹുജനത്തെ ഇളക്കിവിട്ടാൽ പ്രവാചകന്മാരെയും അവരുടെ പ്രബോധനത്തെയും അനായാസം തോൽപിക്കാം.

നിങ്ങൾ ഞങ്ങളുടെ മതത്തിലേക്ക് തിരിച്ചു വന്നേ തീരൂ- لَتَعُودُنَّ فِى مِلَّتِنَا -എന്ന വാക്കിൽ പ്രവാചകന്മാർ നേരത്തെ ബഹുദൈവവിശ്വാസികളും വിഗ്രഹാരാധകരുമായിരുന്നു എന്ന ധ്വനിയുണ്ട്. ഇത് അവരുടെ തെറ്റിദ്ധാരണയാണ്. പ്രവാചകത്വ ലബ്ധിക്കുമുമ്പ് അവർ വിഗ്രഹാരാധനയെയും അതുമായി ബന്ധപ്പെട്ട അനാചാരങ്ങളെയും തുറന്നെതിർക്കുകയോ പുതിയൊരു മതത്തിലേക്ക് പ്രബോധനം ചെയ്യുകയോ ചെയ്തിരുന്നില്ല എന്നതാണ് ശരി. ആദ്യം മുതലേ അല്ലാഹു സൃഷ്ടിച്ച പ്രകൃതി -فِطْرَتَ ٱللَّهِ-യിൽ നിലകൊള്ളുന്നവരും എല്ലാ വിഭാഗങ്ങളും അംഗീകരിക്കുന്ന പൊതു ധർമങ്ങളാചരിക്കുന്നവരുമായിരുന്നു അവർ. അതുകണ്ട് സമുദായം സ്വന്തം മതം വിശ്വസിക്കുന്നവരും ആചരിക്കുന്നവരുമായി അവരെയും കണക്കാക്കി. ദൈവിക സന്ദേശം പ്രബോധനം ചെയ്യുകയും ജാഹി

ലിയ്യാ വിശ്വാസങ്ങളെ എതിർത്തു തുടങ്ങുകയും ചെയ്തപ്പോഴാണ് സമുദായം അവരെ പാരമ്പര്യ മതത്തിൽനിന്നു പുറത്തു കടന്നവരായി മനസ്സിലാക്കിയത്.

ജാഹിലിയ്യത്തിന്റെ തലവന്മാരുടെ ഭീഷണിക്കു മുമ്പിൽ അല്ലാഹു പ്രവാചകന്മാർക്കും അനുയായികൾക്കും നൽകുന്ന സാന്ത്വന സന്ദേശമാണ് فَأَوْحَىٰ.........وَعِيدِ എന്ന വചനങ്ങൾ. ഇവരുടെ ഭീഷണികൾ കേട്ട് സത്യപ്രബോധകർ ഭയപ്പെടരുത്. അധർമികൾക്കും അക്രമികൾക്കും ഈ ലോകത്ത് ശാശ്വതമായ നിലനിൽപില്ല. സത്യത്തിലേക്കും ധർമത്തിലേക്കും തിരിച്ചു കൊണ്ടു വരാനുള്ള എല്ലാ ശ്രമങ്ങളെയും പരാജയപ്പെടുത്തി അസത്യത്തിലൂടെ തന്നെ മുന്നോട്ടു പോകുന്ന ധർമധിക്കാരികളെ ഒരു പരിധി കഴിഞ്ഞാൽ നശിപ്പിച്ചു കളയുക എന്നതാണ് അല്ലാഹുവിന്റെ നിയമം. ചരിത്രത്തിൽ, അതിശക്തരും കെങ്കേമരുമായി വാണ എത്രയോ സമുദായങ്ങൾ അങ്ങനെ നശിച്ചുപോയിട്ടുണ്ട്. അവരുടെ സ്ഥാനത്ത് അവരാൽ നിന്ദിക്കപ്പെടുകയും മർദിക്കപ്പെടുകയും ചെയ്തിരുന്ന പീഢിതർ അധിവാസമുറപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ ചരിത്രമാണ് നിങ്ങളുടെ കാര്യത്തിലും ആവർത്തിക്കാൻ പോകുന്നത്. അക്രമകാരികൾ നിങ്ങളെ ആട്ടിപ്പായിക്കുമെന്ന് ഭീഷണിപ്പെടുത്തുന്ന അതേ ദേശത്തുനിന്ന് അല്ലാഹു അവരെ തുടച്ചു നീക്കുകയും പകരം നിങ്ങളെ അധിവസിപ്പിക്കുകയും ചെയ്യും. പ്രവാചന്മാർക്കും അവരിൽ വിശ്വസിച്ചവർക്കും അല്ലാഹു നൽകുന്ന സമ്മാനമാണത്. അല്ലാഹുവിന്റെ മുമ്പിൽ ചെന്നുനിന്ന് ജീവിതത്തിന്റെ കണക്കു ബോധിപ്പിക്കേണ്ടി വരുമെന്നും അവന്റെ താക്കീതുകളെല്ലാം യാഥാർഥ്യമായി പുലരുമെന്നും ഉള്ള ഉത്തമബോധ്യത്തോടെ ജീവിച്ചവർക്ക് മാത്രമാണീ സമ്മാനം ലഭിക്കുക. مَقَامِى യുടെ ഭാഷാർഥം എന്റെ സ്ഥാനം, ഞാൻ നിൽക്കുന്നിടം എന്നാണ്. പദവി, അവസ്ഥ, അസ്തിത്വം തുടങ്ങിയ അർഥങ്ങളിലും ഉപയോഗിക്കും. لِمَنْ خَافَ مَقَامِى എന്നാൽ, 'എന്റെ അവസ്ഥയെ, പദവിയെ ഭയപ്പെടുന്നവർക്ക്' എന്ന അർഥമാവാം. ഈ അർഥത്തിലാണ് സൂറ *അർറഹ്മാൻ* 46-ാം സൂക്തത്തിൽ وَلِمَنْ خَافَ مَقَامَ رَبِّهِۦ جَنَّتَانِ -തന്റെ നാഥന്റെ മഖാമിനെ ഭയപ്പെട്ടവന് രണ്ടു സ്വർഗമുണ്ട്- എന്ന് പ്രസ്താവിച്ചിട്ടുള്ളത്. خافني (എന്നെ ഭയപ്പെട്ടു) എന്നു പറയുന്നതിന്റെയും خَافَ مَقَامِى (എന്റെ അവസ്ഥയെ ഭയപ്പെട്ടു) എന്നു പറയുന്നതിന്റെയും അർഥം ഒന്നുതന്നെയാണെങ്കിലും രണ്ടാമത്തേതിന് കൂടുതൽ അർഥ ഗാംഭീര്യവും വ്യാപ്തിയുമുണ്ട്. അസത്യവും അധർമവും ആചരിച്ചാൽ ഇഹത്തിലും പരത്തിലും നേരിടേണ്ടി വരുന്ന നാശഫലങ്ങളെ സംബന്ധിച്ച് അല്ലാഹു അവന്റെ ദൂതന്മാരിലൂടെ നൽകിയ മുന്നറിയിപ്പുകളാണ് ഇവിടെ പരാമർശിക്കുന്ന وَعِيدِ. മനുഷ്യജീവിതം കണിശമായി വിചാരണ ചെയ്ത ശേഷമാണ് പരലോകത്ത് ഈ ഫലങ്ങൾ പ്രകടമാവുക. ഈ പശ്ചാത്തലത്തിൽ لِمَنْ خَافَ مَقَامِى എന്ന വാക്കിന്റെ താൽപര്യം, വിചാരണാ വിഷയത്തിൽ അവന്റെ നിലപാടിനെ ഭയപ്പെടുന്നവർ എന്നോ, വിചാരണക്കുവേണ്ടി അവന്റെ മുമ്പിൽ നിൽക്കേണ്ടി വരുമെന്ന് ഭയപ്പെടുന്നവർ എന്നോ ആണെന്ന് പണ്ഡിതന്മാർ പൊതുവിൽ കരുതുന്നു. ■